# Review Meeting of Coconut Producer Companies in Kerala held at Kochi on 10-4-2015












# നാളികേര ഉത്പാദക കമ്പനികൾക്ക് ഇനി മുതൽ ബോർഡിന്റെ അക്രഡിറ്റേഷൻ

കൊച്ചി: നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉത്പാദക കമ്പനികൾക്കും അക്രഡിറ്റേഷൻ നല്കാൻ ധാരണയായി. കൊച്ചിയിൽ ബോർഡ് ആസ്ഥാനത്ത് ചേർന്ന ഉത്പാദക കമ്പനികളുടെ നാലാമത് പ്രതിമാസ അവലോകന യോഗത്തിലാണ് ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ പ്രഖ്യാപിച്ചത്.

പ്രവർത്തന മികവ് അടിസ്ഥാനമാക്കി നാല് ഗ്രേഡുകളിലായി കമ്പനികളെ തരം തിരിക്കും. ഓഹരി സമാഹരണം, നീര ഉത്പാദനം, ടെക്നീഷ്യന്മാരുടെ പരിശീലനം, നഴ്സറികൾ, ഡ്രയർ, വെളിച്ചെണ്ണ ഉത്പാദനം, വിവിധ മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയുടെ അടിസ്ഥാനത്തിലുള്ള മൂല്യ നിർണ്ണയത്തിൽ 40 പോയിന്റിൽ താഴെ നില്ക്കുന്ന കമ്പനികളെ അക്രഡിറ്റേഷന് പരിഗണിക്കുന്നതല്ല. ഇത്തരത്തിൽ അക്രഡിറ്റേഷനുള്ള കമ്പനികൾക്കു മാത്രമെ ഭാവിയിൽ ഗവൺമെന്റിൽ നിന്നോ മറ്റ് സ്രോതസുകളിൽ നിന്നോ ഉള്ള ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു. മാനദണ്ഡങ്ങൾ പൂർത്തിയാക്കാൻ ഓരോ കമ്പനിക്കും 2015 ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംങ്) കെ.എസ് സെബാസ്റ്റ്യനാണ് അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾ വിവരിച്ചത്. ചെയർമാൻ ശ്രീ.ടി.കെ ജോസ് ഐഎഎസ് ആമുഖ പ്രഭാഷണം നടത്തി.

കേരളത്തിലെ 19 കമ്പനികളുടെയും ചെയർമാന്മാർ, ഡയറക്ടർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. കമ്പനികളുടെ ഇതഃപര്യന്തമുള്ള പ്രവർത്തന റിപ്പോർട്ടുകൾ, അടുത്ത വർഷത്തെ പദ്ധതി രൂപ രേഖ എന്നിവ ഓരോ കമ്പനികളുടെയും പ്രതിനിധികൾ യോഗത്തിൽ അവതരിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടർ പ്രമോദ് കുര്യൻ സ്വാഗതവും ടെക്നിക്കൽ ഓഫീസർ നന്ദിയും പറഞ്ഞു.